# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 10
OCTOBER - 2023 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിൻ നാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം.

പല വർഷങ്ങളായി ജാമക്കാരൻ വായിച്ചുകൊണ്ടിരിക്കുന്ന എന്റെ പ്രിയപ്പെട്ട ജാമക്കാരൻ വായനക്കാർക്കായി ആശംസകൾ.

ഈ മാസം നമ്മുടെ ദേശത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി തന്നെയും തന്റെ കുടുംബത്തെയും തന്റെ പഠിത്തത്തെയും തൊഴിലിനെയും ത്യാഗം ചെയ്ത മഹാത്മാഗാന്ധി അവർകളെ നമ്മുടെ ഇന്ത്യ ദേശം മുഴുവനും ഓർക്കുന്നു. നാമും അദ്ദേഹത്തിന്റെ ആ പ്രവർത്തിക്കുവേണ്ടി യേശുക്രിസ്തുവിനെ സ്വീകരിച്ച വ്യക്തി എന്ന നിലയിൽ ദൈവത്തെ സ്തുതിക്കാം.

ജാമക്കാരൻ JAMAKKARAN

OCTOBER - 2023

അതുപോലെ ഇന്ത്യ മുഴുവനും യേശുക്രിസ്തുവിനെ യഥാർത്ഥ ദൈവം എന്നു നമുക്കു അറിയിച്ചുതന്ന പല ദേശങ്ങളിൽ നിന്നുവന്നു സുവിശേഷം അറിയിച്ച വിദേശ മിഷണറിമാരേയും അവരുടെ ത്യാഗത്തെയും ഓർത്തു ദൈവത്തെ സ്തുതിക്കാം. ഈ ദേശത്തിന്റെ കാലാവസ്ഥ സഹിച്ചു ഈ ദേശത്തിലെ പല രോഗങ്ങളിൽ അകപ്പെട്ടു വേദനയെ സഹിച്ചു ജനങ്ങളുടെ എതിർപ്പുകളെ സഹിച്ചു തങ്ങളുടെ ദേശത്തിലേക്കു മടങ്ങിപ്പോകാതെ ഇവിടെ സുവിശേഷം അറിയിച്ചു മരിച്ച എല്ലാ മിഷണറിമാരെയും അവരുടെ കുടുംബങ്ങളെയും ഓർത്തു നന്ദിയോടെ ദൈവത്തെ സ്തുതിക്കാം. യേശു അപ്പച്ചന്റെ മക്കളായി നാം ജീവിക്കുന്നതിന്റെ കാരണം മിഷണറിമാരുടെ ത്യാഗങ്ങളാണ്.

ആ മിഷണറിമാരുടെ ചരിത്രങ്ങളും ജീവചരിത്രങ്ങളും വായിച്ചു മനസ്സിലാക്കുവിൻ ചെറിയ പ്രായം മുതൽ വായിക്കാൻ മക്കളെ പ്രോത്സാഹിപ്പിക്കണം. അവരുടെ ചരിത്രങ്ങൾ എല്ലാ ഭാഷയിലും ഉണ്ട്.

നമ്മുടെ കുടുംബത്തിൽ ഒരാളെങ്കിലും മിഷനറി ഭാരം ഉണ്ടായി മിഷണറിയായി പോകുവാൻ നമ്മുടെ കർത്താവായ യേശു ഓരോ ഉള്ളത്തിലും പ്രേരിപ്പിക്കട്ടെ. എല്ലാ സഭകളും അതിനെക്കുറിച്ചു പ്രത്യേകം ഭാരം എടുത്തു മിഷണറിമാരെ ഇന്ത്യ മുഴുവനും അയക്കണം. അങ്ങനെ പോകുന്ന മിഷണറി കുടുംബങ്ങളെ സഭകളും വിശ്വാസികളും താങ്ങണം. പല സഭകളിൽ പല മിഷണറി സ്ഥാപനങ്ങളിൽ അവരവർ അയച്ച മിഷണറികളെ തുച്ഛമായി ചിന്തിച്ചു ബഹുമാനിക്കുന്നില്ല. ഇതു വളരെ ദുഃഖകരമായ വിഷയം. ആ മിഷണറിമാരുടെ പേരിൽ അയക്കുന്ന പി.എഫ്. അടക്കുന്നില്ല. വർഷങ്ങളായി അടക്കാതെ ബാക്കി വച്ചിരിക്കുന്നു. അവരുടെ പേരിൽ അടക്കാനുള്ള ഇൻഷുറൻസ് തുക അടക്കാത്തതുകൊണ്ട് ഇന്ത്യയിലെ വലിയ മിഷണറിസ്ഥാപനം എന്നറിയപ്പെടുന്ന 2 സ്ഥാപനങ്ങൾക്കു പല കോടി രൂപ പിഴയായി അടക്കണം എന്നു ഇൻഷുറൻസ് സ്ഥാപനം കത്തയച്ചിരിക്കുന്നു.

ഇതു അറിയുമ്പോൾ മനസ്സിനു വലിയ വിഷമം തോന്നുന്നു. പ്രാർത്ഥനയിലും ആത്മീകത്തിലും വളർന്ന മിഷണറി സ്ഥാപനങ്ങൾ മിഷണറികളുടെ പണ വിഷയത്തിൽ ഇത്ര ശ്രദ്ധയില്ലാതെ ഇരുന്നാൽ സഭകളെക്കുറിച്ചു അതിൽ നടക്കുന്ന പണ വെട്ടിപ്പുകളെക്കുറിച്ചു പ്രാർത്ഥിക്കാൻ ഈ സ്ഥാപനങ്ങൾക്കു യോഗ്യതയില്ല. ഈ മിഷണറി സ്ഥാപനങ്ങൾ പണ വെട്ടിപ്പു നടത്തിയില്ല. അതു ഉറപ്പാണ്. ഈ പ്രശ്നത്തിന്റെ പ്രധാന കാരണം ശ്രദ്ധക്കുറവും (Carelessness) ഭരണനിർവ്വഹണകഴിവും ഇല്ലാത്തതാണ് (Administrative Capacity). ദൈവഭയം ഉണ്ടായിരുന്നിട്ടും ഭരണകഴിവു ഇല്ലാതെ പോയാൽ എല്ലാം നഷ്ടപ്പെടും.

ഈ സ്ഥാപനങ്ങൾക്കു ജാമക്കാരനായ ഡോ. പുഷ്പരാജ്, എന്റെ ചിട്ടപ്രകാരം കത്തുകൾ എഴുതിയിട്ടുണ്ട്. അതിൽ പ്രധാനമായി സൂചിപ്പിച്ച വിഷയം ഒന്നരക്കോടി രണ്ട് കോടി എന്ന ഗവൺമെന്റ് പിഴകളെ അടക്കുന്നത് വിശ്വാസികൾ അയക്കുന്ന പണത്തിൽ നിന്ന് എടുക്കാൻ പാടില്ല. ജനങ്ങൾ അയക്കുന്ന പണം മിഷണറികൾക്കും മിഷണറിവേലക്കും ആദിവാസികൾക്കു പള്ളി പണിയാനും അയക്കുന്ന പണമാണ്. ഭരണത്തിൽ ഇരിക്കുന്നവർ ചെയ്യുന്ന തെറ്റിന്റെ പിഴ ജനങ്ങളുടെ കാണിക്കയിൽ നിന്ന് എടുക്കാൻ പാടില്ല എന്ന് തീർച്ചയായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെ കാണിക്കയിൽ നിന്ന് പിഴ അടക്കുമെങ്കിൽ ആ സ്ഥാപനങ്ങളുടെ പേര് ജാമക്കാരനിൽ പരസ്യപ്പെടുത്തും എന്നു ഞാൻ അവർക്കു മുന്നറിയിപ്പു കൊടുത്തു.

വായനക്കാരായ നിങ്ങൾ എല്ലാ മിഷണറി സ്ഥാപനങ്ങൾക്കു വേണ്ടിയും മിഷണറിമാർക്കുവേണ്ടിയും ആദിവാസികളുടെ ഇടയിൽ ആരംഭിച്ച സഭകൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ

**ഡോ. പുഷ്പരാജ്**

# സാമർത്ഥ്യവും അച്ചടക്കവും

ഡോ. ലിലിയൻ സ്റ്റാൻലി



ജീവിതത്തിൽ ഉയരുവാൻ അനേകം വഴികൾ ഉണ്ട്. ചില യുവജനങ്ങൾ മറ്റുള്ളവരുടെ മുൻപിൽ നല്ല പ്രതീതി ഉണ്ടാക്കുവാൻ മുഖക്കണ്ണാടിയുടെ മുൻപിൽ വളരെ സമയം ചെലവഴിക്കാറുണ്ട്. അതു നല്ലതുതന്നെ, ചിലർ പല നിലവാരമുള്ള വ്യക്തികളുമായി ചങ്ങാത്തം ഉണ്ടാക്കുന്നു. ചിലർ ഏത് ആവശ്യത്തിനും കൈകൂലി കൊടുക്കുവാനായി പണം വാരിയെറിയുന്നു. വളരെ കുറച്ച് യുവപ്രതിഭകൾ മാത്രമെ വിജയത്തിന്റെ ഒന്നാം പാതയിൽ തങ്ങളെ നയിക്കുന്നതിന്റെ രഹസ്യം എന്താണെന്ന് കണ്ടുപിടിച്ചിട്ടുള്ളു. അതാണ് സാമർത്ഥ്യം.

യെരോബയാം എന്ന ഒരു യുവാവിനെ കുറിച്ച് നാം വേദപുസ്തകത്തിൽ വായിക്കുന്നു. "എന്നാൽ യെരോബെയാം ബഹുപ്രാപ്തിയുള്ള പുരുഷൻ ആയിരുന്നു; ഈ യൗവനക്കാരൻ പരിശ്രമശീലൻ എന്നു കണ്ടിട്ട് ശലോമൻ, യോസഫ് ഗൃഹത്തിന്റെ കാര്യാദികൾ ഒക്കെയും അവന്റെ വിചാരണയിൽ ഏല്പിച്ചു" (1 രാജാ 11:28). നല്ല വേതനം ലഭിക്കുന്ന ഒരു തൊഴിൽ നേടിക്കൊടുക്കാൻ അവന് അപ്പനില്ലായിരുന്നു. അതിനാൽ അവൻ ശലോമോന് കേവലം ഒരു ദാസൻ മാത്രമായിരുന്നു (വാക്യം 26). മേശക്കു കീഴെ നീക്കിക്കൊടുക്കാൻ തക്കവണ്ണം അവന്റെ പക്കൽ പച്ചനോട്ടില്ല; അവൻ

ചൂതുകളിയിലൂടെ അതു നേടിയതുമില്ല. എന്നാൽ, അവൻ കർമ്മശാലിയും സമർത്ഥനുമായിരുന്നു. അവന്റെ കീഴിൽ ശലോമോന് ആയിരക്കണക്കിന് വേലക്കാർ ഉണ്ടായിരുന്നു; എന്നാൽ അവന്റെ കഴിവും സാദ്ധ്യതയും കണ്ടെത്തിയ മേലുദ്യോഗസ്ഥർ ശലോമോന്റെ അറിവിലും സാന്നിദ്ധ്യത്തിലും യെരൊബയാമിനെ കൊണ്ടെത്തിച്ചു.

ഈ ശലോമോൻ എഴുതി പ്രവൃത്തിയിൽ സാമർത്ഥ്യമുള്ള പുരുഷനെ നീ കാണുന്നുവോ? അവൻ രാജാക്കന്മാരുടെ മുമ്പിൽ നില്ക്കും; നീചന്മാരുടെ മുമ്പിൽ നിൽക്കയില്ല (സദൃ. 22:29). യെരൊബയാമിന്റെ പ്രശസ്തി ഇവിടെ നിലച്ചുപോയില്ല. ദൈവം അവന്റെ യുവത്വത്തിൽ അവനെ സന്ദർശിക്കുകയും അവന്റെ ജീവിതത്തിൽ അതിശയം പ്രവർത്തിക്കുകയും ചെയ്തു. തന്റെ പാപങ്ങൾ മുഖാന്തിരം ശലോമോൻ കൂടുതൽ അപമാന പാത്രമാകുകയായിരുന്നു. ശലോമോന് ശേഷം തന്റെ ജനത്തെ ഭരിയ്ക്കുവാൻ ഒരു മനുഷ്യനെ അന്വേഷിച്ചു കൊണ്ടിരുന്ന ദൈവത്തിന്റെ ദൃഷ്ടി യെരൊബയാമിന്റെ മേൽ പതിഞ്ഞു. ആ കാലത്തു ഒരിക്കൽ യെരൊബയാം യെരുശലേമിൽ നിന്നു വരുമ്പോൾ അഹിയാ പ്രവാചകൻ വഴിയിൽ വെച്ചു അവനെ കണ്ടു. അഹിയാവു താൻ ധരിച്ചിരുന്ന തന്റെ പുതിയ അങ്കി പന്ത്രണ്ടു കഷണങ്ങളായി കീറി, അതിൽ പത്തുകഷണം യെരോബയാമിനോട് എടുക്കവാൻ ആവശ്യപ്പെട്ടു. രാജത്വം ശലോമോന്റെ കയ്യിൽ നിന്നു പറിച്ചുകീറി, പത്തു ഗോത്രം യെരൊബയാമിനു നല്കും എന്നതായിരുന്നു ഇതിന്റെ അർത്ഥം (1 രാജാ. 11: 26–40).

ശലോമോന്റെ കാലത്തുപോലും കഠിനാദ്ധ്വാനം ഒരു വിരളമായ കാഴ്ച ആയതിനാലാണ് ഈ യുവാവ് എല്ലാവരുടെയും ശ്രദ്ധപിടിച്ചു പറ്റിയത്. യുവാക്കൾക്ക് ധാരാളം പ്രതീക്ഷകളും അഭിലാഷങ്ങളും ഉണ്ടെങ്കിലും അവരുടെ വസ്ത്രം മുഷിയുന്നത് അവർക്കിഷ്ടമല്ല. അഞ്ച് അടിക്കുമ്പോൾ വീട്ടിൽ പോകുവാൻ ഘടികാരം നോക്കാത്ത യോശുവയെയാണ് മോശയുടെ അനന്തരവകാശിയാക്കിയത്; അല്ലാതെ മോശയുടെ മകനെയല്ല. ഈ യുവാവ്

സമാഗമന കൂടാരത്തിൽ നിന്ന് വിട്ടുമാറിയില്ല. ഇപ്രകാരമുള്ള പ്രതിഷ്ഠ വലിയതും ഉന്നതവുമായ ചുമതലകൾ ഭാവിയിൽ ലഭ്യമാക്കാൻ വഴിയൊരുക്കുന്നു.

ശൗലിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ തീരുമാനിച്ചപ്പോൾ ദൈവം ഒരാട്ടിടയച്ചെറുക്കനെ സിംഹാസനത്തിലിരുത്തുവാൻ കണ്ടിരുന്നു (1 ശമൂ. 16:11). അവനെക്കുറിച്ചുള്ള വിവരണം നോക്കുക. "അവൻ കിന്നര വായനയിൽ നിപുണനും പരാക്രമശാലിയും യോദ്ധാവും വാക്ചാതുര്യമുള്ളവനും കോമളനും ആകുന്നു; യഹോവയും അവനോടു കൂടെ ഉണ്ട് എന്നുപറഞ്ഞു" (1 ശമു. 16:18).

"മടിയുള്ള കൈകൊണ്ടു പ്രവൃത്തിക്കുന്നവൻ ദരിദ്രനനായിത്തീരുന്നു; ഉത്സാഹിയുടെ (സമർത്ഥന്റെ) കയ്യോ സമ്പത്തുണ്ടാക്കുന്നു" (സദൃ. 10:4). തന്റെ പ്രായം കൊണ്ട് ദാവിദിന് പട്ടാളത്തിൽ ചേരുന്നതിന് യോഗ്യത ഇല്ലാതിരുന്നിരിക്കാം. എന്നാൽ പട്ടാളത്തിൽ ചേരുന്നതിനു മുൻപുതന്നെ അവൻ ഒരു യോദ്ധാവായിരുന്നു. അലക്ഷ്യമായി കാത്തിരിക്കാതെ, അവൻ തന്നെ സ്വയം സജ്ജമാക്കി എന്ന് ഇതു വ്യക്തമാക്കുന്നു. ഈ സ്വയ അച്ചടക്കം സൈനികരുടെ മദ്ധ്യേ ശോഭിക്കുന്നതിനും ഗോലിയാത്തിനെ കൊല്ലുന്നതിനും ദാവീദിനെ പ്രാപ്തനാക്കി. സാവകാശത്തിൽ അവൻ സിംഹാസനസ്ഥനാവുകയും ചെയ്തു.

"ഉത്സാഹികളുടെ കൈ അധികാരം നടത്തും; മടിയനോ ഊഴിയവേലക്കു പോകേണ്ടിവരും" (സദൃ. 12–24). സമർത്ഥരായവർ മനസ്സോടുകൂടെ കാര്യങ്ങൾ നിറവേറ്റുമ്പോൾ മടിയന്മാർ എന്തു ചെയ്യുന്നതിനും അവരെ നിർബന്ധിക്കണം എന്തുകൊണ്ട് തങ്ങളുടെ ഭാവി സ്വന്തം കരങ്ങളിലാണെന്ന് വളരെ കുറച്ച് യുവാക്കൾ മാത്രമേ ബോദ്ധ്യപ്പെടുന്നുള്ളൂ.

നിങ്ങൾ ദിവസവും രാവിലെ ഏകദേശം 5 മണിക്ക് എഴുന്നേറ്റ് ദിനചര്യകൾ കഴിഞ്ഞ് ഉടുത്തൊരുങ്ങി എട്ടുമണിക്കെങ്കിലും ആ ദിവസത്തെ

പ്രവൃത്തിക്കായി തയ്യാറാകണം. താമസിച്ച് എഴുന്നേല്ക്കുന്നവന് പകൽ മുഴുവനും കഠിനാദ്ധ്വാനം ചെയ്യേണ്ടിവരുന്നു. ഒഴിവു ദിവസങ്ങൾ പോലും വൃഥവാക്കരുത്. തമാശ എന്നത് ഒരു തൊഴിൽ മാറ്റം മാത്രമാണ്. അതിനാൽ സ്വയം തൊഴിൽ പരിചയിക്കുവിൻ. നിങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന അവസരങ്ങളെ നല്ല പാഠങ്ങൾ പഠിക്കുവാൻ പ്രയോജനപ്പെടുത്തുവിൻ. സർവ്വകാര്യത്തിലും പരിശീലിച്ചാൽ ഭാവിയിൽ സൗകര്യമായിരിക്കും. കെട്ടിടപണിയിൽ ഏർപ്പെട്ടിരിക്കുന്നവനോട് ചേർന്ന് നിർമ്മാണപ്പണി പരിശീലിക്കുവിൻ. അച്ചടിശാലയിൽ സഹായം നല്കി. അവിടെ നടക്കുന്നതൊക്കെ പരിചയിക്കുവിൻ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന വീട്ടുജോലികൾ ചെയ്ത് നിങ്ങളുടെ മാതാപിതാക്കളെ സഹായിക്കുവിൻ. കഴിയുമെങ്കിൽ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തി സ്ഥലത്തുപോയി അദ്ദേഹം എങ്ങനെ ജോലി ചെയ്യുന്നു എന്ന് കണ്ടു മനസ്സിലാക്കുവിൻ. നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നതിലും അല്പം അധികം ചെയ്യാൻ നിങ്ങൾ ശ്രമിക്കുമെങ്കിൽ, നിങ്ങളുടെ ചലനങ്ങൾക്ക് വേഗതകൂടുകയും നിങ്ങൾ സാമർത്ഥ്യമുള്ളവർ ആയിത്തീരുകയും ചെയ്യും.

എന്ത് ജോലി ഏല്പിച്ചാലും അത് വേഗത്തിലും തെറ്റുകൂടാതെയും ചെയ്യണം. ഒരിക്കലും ഒരു ജോലി പകുതിയിൽ ഇട്ടേച്ചു പോകരുത്. നിങ്ങളുടെ കഴിവിന്റെ പരമാവധി പരിശ്രമിച്ച് ചെയ്യണം. എപ്പോഴെങ്കിലും ആരെങ്കിലും വന്ന് ഒരു തെറ്റ് ചൂണ്ടിക്കാട്ടുകയോ, മറ്റൊരു മാർഗ്ഗത്തിൽ നന്നായി ചെയ്യാൻ പറയുകയോ ചെയ്താൽ അതുകേട്ട് പിറുപിറുക്കാതെ അതെങ്ങനെയെന്ന് പഠിക്കുവിൻ. അശ്രദ്ധയും വൃത്തിഹീനവുമായ പ്രവൃത്തി നിങ്ങളെ ഒരിടത്തും എത്തിക്കുകയില്ല. സാമർത്ഥ്യം എന്നത് കേവലം കഠിനാദ്ധ്വാനം മാത്രമല്ല. പക്ഷെ ചെറിയ കാര്യങ്ങൾ പോലും വളരെ സൂക്ഷ്മമായിട്ട് ചെയ്യുന്നതും ആത്മാർത്ഥതയോടും നിരന്തരമായും ഒരു കാര്യത്തിൽ ഏർപ്പെടുകയുമാണത്. ഒരു വീട് വൃത്തിയാക്കാൻ നിങ്ങളോട് പറഞ്ഞാൽ വെറുതെ തൂത്താൽ പോരാ, ചിലന്തിവലകൾ മാറ്റി, ഫർണിച്ചറുകളിലെ പൊടിയെല്ലാം തുടച്ച്, ജനലുകൾ വൃത്തിയാക്കി, കക്കൂസും കുളിമുറിയും കഴുകി, പാത്രങ്ങൾ കഴുകി തുടച്ച്,

ഫ്ളവർവേസും ക്രമമാക്കിവെച്ചിട്ട്, പിന്നെ എല്ലാം ശരിയായിരിക്കുന്നോ എന്ന് പരിശോധിക്കുവിൻ.

നന്നായി ചെയ്തതിനെ മേന്മയായി ചെയ്യാം മേന്മയായി ചെയ്തതിനെ ശ്രേഷ്ഠമായി ചെയ്യാം ശ്രേഷ്ഠമായി ചെയ്തതിനെ അതിശ്രേഷ്ഠമായി ചെയ്യാം.

അതും അവസാനമാകണമെന്നില്ല. നിങ്ങളുടെ ഏറ്റവും നല്ലതിനെ മേന്മയേറിയതാക്കാനും സാധിക്കും! ഗുണനിലവാരം ഉയർത്തുന്ന പരിശ്രമത്തിന് ഒരു അവസാനവുമില്ല. ഭാരതത്തിൽ ഇന്ന് മുഖത്തിടുന്ന പൌഡറിന്റെ ടിൻ തുറക്കുവാൻ എന്തുകൊണ്ടാണ് നമുക്ക് ഒരു ആണിയും ചുറ്റികയും ആവശ്യമായിരിക്കുന്നത്? എന്തുകൊണ്ട് ചുവട് ചെറുതായ നമ്മുടെ നമ്മുടെ കപ്പുകൾ ആടി നിലം പതിക്കുന്നു. എന്തുകൊണ്ട് നമ്മുടെ കുപ്പികൾ യാത്രയ്ക്ക് കൊണ്ടുപോകാൻ സാധിക്കാത്തവിധം ചോർച്ചയുള്ളതായിരിക്കുന്നു? ഇതുപോലുള്ളവയ്ക്ക് പരിഹാരം കാണാത്തതിന്റെ കാരണം, മുഷിഞ്ഞിരുന്ന് ചിന്തിച്ച് പരിശ്രമിയ്ക്കുവാൻ ആർക്കും മനസ്സില്ലാത്തതിനാലാണ്. ഇപ്പോഴും ഭാരതത്തിലെ തീപ്പെട്ടികൾ എളുപ്പത്തിൽ തുറക്കാൻ സാധിക്കാറില്ല; അതിനെ തുറക്കുന്ന പോരാട്ടത്തിൽ അവയെ പിച്ചിച്ചീന്തി തീപ്പെട്ടിക്കുറ്റികൾ നിലത്ത് ചിതറുകയാണ് പതിവ്! നിങ്ങൾക്ക് അസൗകര്യം വരുത്തുന്ന ഇപ്രകാരമുള്ള സംഗതികളെക്കുറിച്ച് ഒരു പട്ടിക എഴുതിനോക്കൂ. അത് ഒരു പട്ടികയിൽ ഒതുക്കുവാൻ കഴിയാത്ത വിധം അധികമായിരിക്കും. മേന്മയേറിയതിനു വേണ്ടി ഒരു ദാഹവും അതിൽ കുറഞ്ഞ് യാതൊന്നും വേണ്ടാ എന്ന തീരുമാനവും ഉടലെടുക്കട്ടെ. പ്രതിഫലം ലക്ഷ്യമാക്കാതെ ചെയ്തുകൊണ്ടേയിരിക്കുക. ഷെയ്ക്സ്പിയർ ആരായിത്തീരും എന്ന പ്രതീക്ഷയില്ലാതെയാണ് ഷെയ്ക്സ്പിയർ പ്രവർത്തിച്ചു കൊണ്ടിരുന്നത്.

കേവലം ഒരു അപേക്ഷഫാറം പോലും നിങ്ങൾക്കുവേണ്ടി സംസാരിക്കും. ഒരു വൃത്തിയുള്ള കടലാസിൽ നല്ല മാർജിൻ കൊടുത്ത് ഭംഗിയായി എഴുതിയിരിക്കുന്നതു കണ്ടാൽ അത് ഏത് തരത്തിലെ മനുഷ്യൻ എന്ന്

മനസ്സിലാകും. അല്പകാര്യങ്ങളിൽ വിശ്വസ്തൻ ആയിരുന്നാൽ ദൈവം നിങ്ങളെ അധികത്തിൽ വിചാരകൻ ആക്കു (മത്തായി 5:23). യെരോബയാം ഒരു ദാസൻ എന്ന നിലയ്ക്ക് വിശ്വസ്തൻ ആയിരുന്നതിനാൽ ഒരു ഗോത്രത്തിന്റെ തലവനായി അവന് സ്ഥാനക്കയറ്റം ലഭിച്ചു. പിന്നെ ദൈവം അവനെ രാജാവാക്കി.

ജീവിതത്തിൽ മുന്നേറിയ ചിലരെ കണ്ടെത്തി, അവരോട് സമയം ചിലവിട്ട്, എങ്ങനെയാണ് അവർ വിജയം നേടിയത് എന്നതിന്റെ രഹസ്യങ്ങൾ അന്വേഷിക്കുവിൻ, വിജയത്തിന് ഒരു കുറുക്കുവഴിയും ഇല്ല എന്ന് തൽക്ഷണത്തിൽ നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ പടികൾ ചവിട്ടിക്കയറിയേ മതിയാകൂ. ''വിദ്യാഭ്യാസമുള്ള ഒരു വ്യക്തിക്ക് കുറച്ച് വിറക് കഷണമാക്കണമെന്നിരിക്കട്ടെ അവൻ ചുറ്റുപാടും നോക്കിയിട്ട് ഒരു കൂലി പണിക്കാരന് വേതനം നല്കി ആ ജോലി പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നു. സോഫയിൽ കിടന്ന് ടി.വി. കാണുന്ന ഒരു പെൺകുട്ടിയെ, അടുക്കളയിൽ സഹായത്തിനായി മാതാവ് വിളിച്ചു എന്നിരിക്കട്ടെ. ''വേലക്കാരിക്ക് എന്തുകൊണ്ട് അത് ചെയ്തുകൂടാ" എന്നവൾ വിളിച്ചു ചോദിക്കയല്ലേ പതിവ്? ഇങ്ങനെയുള്ളവർ നാളത്തെ ലോകത്തിലെ വെറും പാവകളായിത്തീരുകില്ലേ? ജീവിതത്തിൽ ഉയർന്നു വരണമെന്ന് ആഗ്രഹമുള്ളവർക്ക് ടി.വി., മൊബൈൽ, നോവൽ, ഉറക്കം, വൃഥാലാപം, ഭക്ഷണം എന്നിവയിൽ നിയന്ത്രണമില്ലാതെപോയാൽ ലക്ഷ്യത്തിലെത്തുകയില്ല. ഇവ നിങ്ങളുടെ വ്യക്തിത്വത്തിന് കളങ്കം ചാർത്തുക മാത്രമല്ല, എഴുതാനിരിക്കുന്ന നിങ്ങളുടെ ആത്മകഥയിലെ വിലയേറിയ പേജുകളെ കീറിക്കളയുകയും ചെയ്യും.

യോസഫ് ഒരു അടിമയായി വിൽക്കപ്പട്ടു. എന്റെ അങ്കിൾമാരിൽ ഒരാൾ ജയിൽ വകുപ്പിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ആയിരുന്നു. ബലശാലികളായ ജയിൽ പുള്ളികൾ കക്കൂസുകൾ വൃത്തിയാക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. യോസേഫിനും ആ ജോലി നൽകപ്പെട്ടിരുന്നു എന്നതിൽ എനിക്കു സംശയമില്ല. എന്നാൽ ആ താണതരം ജോലികളിലും അവന് തന്റെ

മേൽനോട്ടക്കാരെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞിരുന്നു. അവൻ വേഗത്തിൽ തന്റെ വേല പൂർത്തിയാക്കിയ ശേഷം തന്റെ മേൽനോട്ടക്കാരെ അതിശയിപ്പിക്കുമാറ് മറ്റുള്ളവരുടെ ജോലികൾ സ്വമേധയാ ഏറ്റെടുത്തിരുന്നു. അതിനാൽ അവൻ പോത്തിഫറിന്റെ ദാസനായിത്തീർന്നു (ഉൽപ. 39:3,4). പിന്നെ അവൻ ഗൃഹവിചാരകനാക്കപ്പെട്ടു. കാരാഗ്രഹത്തിലേക്ക് തള്ളപ്പെട്ടപ്പോൾ തിങ്ങിനിറഞ്ഞിരുന്ന അന്ധകാര പടലങ്ങൾക്കിടയിലും കാരാഗ്രഹപ്രമാണിയിൽ അവൻ താല്പര്യം ജനിപ്പിച്ചു. പിന്നെ ഒരു ദിവസം അവൻ രാജസന്നിധിയിൽ നില്ക്കുകയും ഫറവോനിൽ നിന്നും മുദ്രമോതിരം എറ്റുവാങ്ങുകയും ചെയ്തു (ഉൽപ. 41:42), വിധിയുടെ വേലിയേറ്റത്തിൽ പൊടുന്നനെ പ്രശസ്തിയിലേക്ക് അവൻ കുതിച്ചു എന്നറിയില്ല. കഠിനാധ്വാനം, ശോധനകൾ, കഷ്ടത എന്നിവ നിറഞ്ഞ നീണ്ട പതിമൂന്നു വർഷത്തെ പ്രയത്നമാണ് ഈ അഭിവൃദ്ധിയിൽ അവനെ എത്തിച്ചത് (ഉൽപ. 37:2; 41:46). അവൻ തന്റെ ധനികനായ പിതാവിന്റെ പ്രിയമകനും സ്നേഹനിധിയുമായിരുന്നു. എന്നാൽ ഒഴിവാക്കാനാവത്തത് സംഭവിച്ചപ്പോൾ അവൻ അതിനുവഴങ്ങി തികച്ചും പരിചയമില്ലാത്ത നുകത്തിൻ കീഴിൽ തന്റെ കഴുത്തു വച്ചു കൊടുത്തു. യുവാക്കളേ, കഠിനാദ്ധ്വാനത്തിനായി നിങ്ങളെത്തന്നെ പിശീലിപ്പിക്കുവാൻ ഇപ്പോഴും താമസിച്ചു പോയിട്ടില്ല. ഒരുക്കമുള്ള മനസ്സാണിതിനു ആവശ്യം. ശക്തി എന്നത് ശാരീരിക കഴിവല്ല. അത് അടിയറ പറയാത്ത ഇച്ഛയും നിരന്തരമായ പ്രയത്നവുമാണ്.

“മടിയൻ ഒന്നും വേട്ടയാടി പിടിക്കുന്നില്ല; ഉത്സാഹമോ (സാമർത്ഥ്യമോ) മനുഷ്യനു വിലയേറിയ സമ്പത്താകുന്നു” (സദൃ. 12:27). മടിയനായ ഒരു മനുഷ്യൻ വേട്ടയ്ക്ക് പോകുന്നതെങ്ങനെ? തങ്ങൾക്ക് താല്പര്യമുള്ള കാര്യങ്ങളിൽ മാത്രമേ യുവാക്കളെ തള്ളിവിടാൻ കഴിയുകയുള്ളൂ എന്നാണ് ഇത് അറിയിക്കുന്നത്. വേട്ടയാടുന്നത് ഉത്സാഹഭരിതമാണെങ്കിലും പാചകം മുഷിപ്പനാണ്. “ഇതെന്റെ വിളിയല്ല; ഞാൻ ഒരു ഡോക്ടർ, എഞ്ചിനീയർ, അല്ല ഒരു എം.എ.ക്കാരൻ, എം.ഫിൽകാരി” എന്ന് പറഞ്ഞ് യുവാക്കൾ ഒഴിയരുത്, മാർക്ക് ടയിൻ പറഞ്ഞു: “നിങ്ങൾക്ക് ചെയ്യാൻ ഇഷ്ടമില്ലാത്ത ഒരുകാര്യം എല്ലാ

ദിവസവും ചെയ്യാൻ നിങ്ങൾ പരിശീലിയ്ക്കുവിൻ, നിങ്ങളുടെ കർത്തവ്യം പ്രയാസം കൂടാതെ ചെയ്യുന്നതിനുള്ള സ്വഭാവം ലഭിക്കുന്നതിന് സഹായകരമായ സ്വർണ്ണ നിയമം ഇതുമാത്രമാണ്. ജീവിതത്തിൽ വിജയവും പരാജയവും ഇതിൻപ്രകാരമാണ് നിങ്ങൾ ഏറ്റുവാങ്ങുന്നത്. “മടിയൻ കൊതിച്ചിട്ടു ഒന്നും കിട്ടുന്നില്ല; ഉത്സാഹികളുടെ പ്രാണനോ (സമർത്ഥന്മാരുടെ) പുഷ്ടിയുണ്ടാകും” (സദൃ. 13:4). അതെ, ഉറക്കം തൂങ്ങുന്ന കുറുക്കൻ കോഴിയെ എങ്ങനെ പിടിക്കും?

‘‘ഉത്സാഹിയുടെ (സാമർത്ഥ്യമുള്ളവന്റെ) വിചാരങ്ങൾ സമൃദ്ധി ഹേതുകങ്ങൾ ആകുന്നു; ബദ്ധപ്പാടുകാരൊക്കെയും ബുദ്ധിമുട്ടിലേക്കത്രേ ബന്ധപ്പെടുന്നതു” (സദൃ. 21:5). പദ്ധതി രൂപീകരിക്കുവാൻ പരാജയപ്പെടുന്നവർ, പരാജയപ്പെടാൻ പദ്ധതിയുണ്ടാക്കുന്നു. തക്കതായി ചിന്തിച്ച് തീരുമാനിക്കാത്തതുകൊണ്ടാണ് പല പരാജയങ്ങളും സംഭവിക്കുന്നത്. ഉദാഹരണമായി, ഇന്റർവ്യൂവിന് പുറപ്പെടുന്ന ഒരു യുവതി പ്രധാനപ്പെട്ട ഒരു കടലാസ് മറന്നിട്ട് അതെടുക്കാൻ ഭവനത്തിലേക്ക് മടങ്ങിപ്പോകേണ്ടി വരുന്നു എന്നു കരുതുക. അവൾക്ക് ബസ്സ് ലഭിക്കാതെ ഇന്റർവ്യൂവിന് താമസിച്ചെത്തുന്നു. അവളുടെ ഉദ്ദേശ്യം സാധിച്ചില്ല എന്ന് പറയേണ്ടതില്ലല്ലോ. അവൾ ഇന്റർവ്യൂ നഷ്ടമാക്കി എന്നു മാത്രമല്ല ഒരു ശോഭനഭാവിയും കളഞ്ഞുകുളിച്ചു. ഇന്റർവ്യൂവിന് തലേദിവസം തന്നെ അവൾ കാര്യങ്ങൾ എല്ലാം ഒരുക്കിയിരുന്നെങ്കിൽ, അവളുടെ ജീവിതം മേന്മയുറ്റ ഒരു വഴിത്തിരിവിൽ എത്തിച്ചേർന്നേനേ. നിങ്ങൾ അടുത്തദിവസത്തെക്കുറിച്ച് ആലോചിക്കുകയും ഒന്നോ രണ്ടോ പ്രധാന കാര്യങ്ങൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്യുവിൻ. അത് നിങ്ങൾക്ക് പ്രവൃത്തിക്കാൻ രൂപരേഖ നൽകും. ഫാറങ്ങൾ സൂക്ഷ്മതയോടെ പൂരിപ്പിക്കുന്നതും, ടെലിഫോൺ സന്ദേശങ്ങൾക്കും നേരിട്ടുള്ള സന്ദേശങ്ങൾക്കും ശരിയായി കുറിപ്പുകൾ എഴുതി എടുക്കുന്നതും ഒരു നല്ല അച്ചടക്കമാണ്. “അയ്യോ നിങ്ങൾ ഇപ്രകാരം പറഞ്ഞു എന്നാണ് ഞാൻ വിചാരിച്ചത്....” എന്ന് ഒരിക്കലും പറയുവാൻ ഇടയാക്കരുത്. ഒരു കാര്യം

രണ്ടുപ്രാവശ്യം പറയുവാൻ ഇടവരുത്തരുത്. "ഞാൻ മറന്നു പോയി" എന്ന പദപ്രയോഗം നിങ്ങളുടെ നിഘണ്ടുവിൽ നിന്നും നീക്കം ചെയ്യുവിൻ.

പൌലോസിന്, തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽക്കുതന്നെ തീത്തോസിനെ നന്നായി അറിയാമായിരുന്നു (ഗലാ. 2:1). വർഷങ്ങളായി അവനെ ശ്രദ്ധിച്ചശേഷം പൌലോസ് പറയുന്നു: "തീത്തൊസ് എനിക്കു കൂട്ടാളിയും നിങ്ങൾക്കായിട്ടു കൂട്ടുവേലക്കാരനും ആകുന്നു; നമ്മുടെ സഹോദരന്മാർ സഭകളുടെ ദൂതന്മാരും ക്രിസ്തുവിനു മഹത്വവും തന്നെ" (2 കൊരി. 8:22,23). അദ്ദേഹം കൂട്ടുവേലക്കാരനെന്നും പങ്കാളിയെന്നും സ്വയം വിളിക്കുന്നതിനു മുൻപെ തന്റെ സഹപ്രവർത്തകരെ ഒരു നേതാവ് എന്ന നിലയിൽ എത്ര ശ്രദ്ധയോടെ പൌലോസ് നിരീക്ഷിച്ചിരുന്നുവെന്നു നോക്കുക. സമർത്ഥനല്ലാത്ത ഒരു സഹപ്രവർത്തകന് സമർത്ഥനായ ഒരു നേതാവായിരിക്കുവാൻ കഴിയുകയില്ല. അതിനാൽ അത്യുൽസാഹിയും ആത്മാർത്ഥയുള്ളവനുമായ തീത്തോസിനെ മക്കെദോന്യർ ധർമ്മശേഖരത്തിനായി ചുമതലപ്പെടുത്തി (2 കൊരി. 8:16,17). അവൻ തന്റെ ആടുകളുടെ അവസ്ഥ അറിയുന്നവനും അവകളിൽ നന്നായി ദൃഷ്ടി വയ്ക്കുന്നവനും ആയിരുന്നു (സദൃ. 27:23). ഒടുവിൽ മൂപ്പന്മാരെ നിയമിക്കുന്നവനാകുവാൻ തക്കവണ്ണം ഉയർത്തപ്പെട്ടു (തിത്തോ. 1:5).

കാർപ്പെറ്റിന്റെ പുറം മാത്രമല്ല അതിന്റെ അടിയിലുള്ള പൊടിയും കൂടെ തൂക്കുന്നവൻ ഒരു ദിവസം കാർപ്പെറ്റുള്ള ഒരു കെട്ടിടം സ്വന്തമാക്കുവാൻ ഇടയാകും!

**ദിവ്യാനുഗ്രഹം**

സാമർത്ഥ്യം നല്ലതു; എന്നാൽ ദൈവീക അനുഗ്രഹമില്ലാത്ത പക്ഷം അത് ഒരു ഫലവുമില്ലാത്തതായിത്തീരും. അതാണ് യെരോബയാമിന് സംഭവിച്ചത്. അഹിയാ പ്രവാചകൻ യെരോബെയാമിനോട് രണ്ടുപേരും തനിച്ചായിരിക്കുമ്പോൾ ദൈവീക അരുളപ്പാട് പറഞ്ഞു (1 രാജാ. 11:29). എന്നാൽ ശലോമോൻ അതിനെക്കുറിച്ച് അറിഞ്ഞത് എങ്ങനെ? (11:40), ഒരുവേള

യെരോബയാം രാജാവിനെതിരായി വീമ്പുപറയുകയോ വിപ്ലവം ഉണ്ടാക്കുകയോ ചെയ്തിരിക്കാം (വാക്യം 26). ദൈവം തനിക്കായി നിശ്ചയിച്ചുള്ള സമയം വരെ കാത്തിരിക്കാതെ കിരീടം പിടിച്ചെടുക്കുവാനായി അവൻ സ്വന്തം ശക്തി ഉപയോഗിച്ചു. ശലോമോൻ അവനെ കൊലപ്പെടുത്തുവാൻ ശ്രമിച്ചപ്പോൾ അവൻ ഈജിപ്റ്റിലേക്ക് ഓടിക്കളഞ്ഞു. ശലോമോൻ രാജാവ് മരിച്ചപ്പോൾ, അവൻ മടങ്ങിവരികയും ദൈവം അവനു പത്തു ഗോത്രങ്ങൾ നൽകുകയും ചെയ്തു.

തന്റെ കല്പനകളെ അനുസരിക്കുകയും തന്റെ വഴികളിൽ നടക്കുകയും ചെയ്താൽ ഞാൻ നിന്നെ അനുഗ്രഹിക്കാമെന്നു ദൈവം വളരെ വ്യക്തമായി രൊബയാമിനോട് പറഞ്ഞിരുന്നു (11:38). എന്നാൽ അവൻ പത്തു ഗോത്രങ്ങൾക്കു രാജാവായിത്തീർന്നപ്പോൾ, ജനം യെരുശലേമിൽ ആരാധനയ്ക്കായി പോകുകയും രെഹബയാമിന്റെ പ്രജകളായിത്തീരുകയും ചെയ്യും എന്ന് അവൻ അവന്റെ ഹൃദയത്തിൽ ഭയപ്പെട്ടു. അതുകൊണ്ട് അവൻ പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി, ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. അവൻ ജനത്തോട്, നിങ്ങൾ ഇനി യെരുശലേമിൽ പോയതുമതി; ഈ പൊൻകാളക്കുട്ടികളെ ആരാധിക്കുവിൻ എന്നു കല്പിച്ചു (12:28, 29). അതുകൊണ്ട് ദൈവം അവനോട് കോപമുള്ളവനായിത്തീരുകയും അവനെ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു.

**സാമർത്ഥ്യത്തിന്റെ യോഗ്യതയാൽ മാത്രം തെരഞ്ഞെടുക്കപ്പെട്ട ഒരു മനുഷ്യന്റെ അന്ത്യം എത്ര ശോചനീയമായിത്തീർന്നു!** ഒരു പക്ഷെ ശാരീരികമായി നിങ്ങൾ ആരോഗ്യവാനും പരിശ്രമശീലനും ആയിരിക്കാം, സമൂഹത്തിൽ സ്വാധീനവും ബുദ്ധിശാലിയും ആയിരിക്കാം. എന്നാൽ നിങ്ങൾ ഒരു ആത്മീയനല്ലെങ്കിൽ സകലവും നിഷ്ഫലതയിൽ പര്യവസാനിക്കുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതായിരിക്കണം. യോസഫ്, ദാനിയേൽ, ദാവീദ് എന്നിവരെല്ലാം സമർത്ഥന്മാരായിരുന്നു.

എന്നാൽ അവരുടെ വിജയ രഹസ്യത്തിന്റെ കാരണം, ദൈവം അവരുടെ കൂടെ ഇരിക്കുകയും അവർ ചെയ്തതിനെയെല്ലാം ആശീർവദിക്കുകയും ചെയ്തു എന്നതാണ് (ഉൽപ. 39:3,23; ദാനി, 6:28; 1 ശമു. 16:18). നിങ്ങൾ ആരാധിക്കുമ്പോൾ നിങ്ങളുടെ അധരങ്ങളിൽ ദൈവം അൽഫയും ഒമേഗയും ആയിരിക്കാം. എന്നാൽ നിങ്ങളുടെ ജീവിതത്തിൽ അവൻ ആദിയും അന്തവും ആണോ? ദൈവത്തിന്റെ പുസ്തകം നിങ്ങളുടെ ഒരു പാഠപുസ്തകം പോലെ ശ്രദ്ധയോടെ പഠിക്കുകയും ജാഗ്രതയോടെ അതിനെ അനുസരിക്കുകയും ചെയ്യുന്നുവോ?

ദൈവത്തിന്റെ വഴികളിൽ നടക്കാത്തതിനാൽ പരിശ്രമശാലികളായ അനേകർ സകലതും തങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെടുത്തുന്നു. അനേക ദൈവമക്കൾ ഒന്നും കാര്യമായി നേടാത്തതിൻരെ കാരണം അലസതയാണ്. നാം പരിശ്രമശാലികളായിരിക്കുകയും അതോടൊപ്പം ദൈവത്തിന്റെ വഴികളിൽ നടക്കുകയും വേണം. **യുദ്ധദിവസത്തിനായി കുതിരയെ ഒരുക്കേണം,** അതു നമ്മുടെ ഭാഗം. **എന്നാൽ ജയമോ കർത്താവിന്റെ കൈയ്യിൽ ആകുന്നു** (സദൃ. 21:31). നാം പ്രയത്നിക്കുകയും ഭവനം പണിയുവാൻ ആരംഭിക്കുകയും വേണം. കർത്താവ് അത് പൂർത്തിവരുത്തുവാൻ നമ്മെ സഹായിക്കും. കാവൽക്കാരൻ സുരക്ഷിതത്വത്തിനായി പ്രാർത്ഥിച്ചിട്ട് ഉറങ്ങേണ്ടവനല്ല. അവൻ ഉണർന്നിരുന്നു തന്റെ കർത്തവ്യം ചെയ്യേണം. എന്നാൽ ഞാൻ സൂക്ഷിക്കുന്നതുകൊണ്ടാണ് എല്ലാം സുരക്ഷിതമായിരിക്കുന്നത് എന്ന് അവൻ ചിന്തിക്കേണ്ടതില്ല. അവൻ സുരക്ഷിതത്വത്തിനായി ദൈവത്തോടു ചോദിക്കേണം; അപ്പോൾ എല്ലാം നന്നായിരിക്കും (സങ്കീ. 127).

“നിങ്ങൾ” പ്രവർത്തിച്ചില്ലെങ്കിൽ ഒന്നും നടക്കുകയില്ല എന്ന മനസ്സോടെ പ്രവർത്തിക്കണം. ‘‘ദൈവം’’ പ്രവർത്തിച്ചില്ലെങ്കിൽ കാര്യം ഫലവത്തായിത്തീരുകയില്ല എന്ന മനസ്സോടെ പ്രാർത്ഥിക്കേണം”.

മറ്റുള്ളവർ നിലം പതിക്കുമ്പോൾ നാം എങ്ങനെ തഴച്ചുവളരും? സാമർത്ഥ്യവും ദൈവീക അനുഗ്രഹവുമാണതിന്റെ ഉത്തരം!

# ക്രിസ്തുവിന്റെ കല്പനകൾ

**"അനുസരിക്കുന്നത് യാഗത്തെക്കാളും നല്ലത്"** (1 ശമു. 15:22) എന്നു വേദപുസ്തകം പറയുന്നു. അനുസരണക്കേടിന്റെയും അരാജകത്വത്തിന്റെയും യുഗത്തിലാണ് നാം ജീവിയ്ക്കുന്നത്. അനുസരണക്കേടിന്റെ ആത്മാവ് ദൈവമക്കളെയും സംക്രമിക്കുന്നു എന്നത് നിർഭാഗ്യകരമായ വസ്തുതയാണ്. **"അനുസരണം കെട്ടവരുടെ മേൽ ദൈവകോപം വരുന്നു"** (കൊലാ. 3:6) തിരുവചനം പറയുന്നു. നമ്മുടെ സഭാജീവിതത്തിലും മനുഷ്യരുടെ പാരമ്പര്യങ്ങൾ ദൈവകല്പനകളെ മാറ്റിക്കളയുന്നു. **"നിങ്ങളുടെ സമ്പ്രദായം കൊണ്ടു നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതു എന്തു?"** (മത്താ. 15:3) എന്നു പറഞ്ഞു. പരീശന്മാരെയും ശാസ്ത്രിമാരെയും യേശു ശാസിച്ചു. എന്നാൽ ആദിമസഭ അവരുടെ ഉയിർത്തെഴുന്നേറ്റ വീണ്ടെടുപ്പുകാരനെ അനുസരിച്ചാണ് ജീവിച്ചത്. **"മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാണ്"** (അ.പ്ര. 5:29) എന്ന് തങ്ങളെ കുറ്റപ്പെടുത്തിയവരുടെ മുമ്പാകെ ധൈര്യമായി പ്രസ്താവിച്ചു. **"നിങ്ങളുടെ അനുസരണം പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു"** (റോമ. 16:19) എന്ന് പൌലോസ് റോമയിലെ സഭയെക്കുറിച്ച് സാക്ഷീകരിക്കുന്നു. അതെ, യേശുവിനെ അനുഗമിയ്ക്കുന്ന ഓരോരുത്തരും അവരുടെ കർത്താവിനെ, അവൻ **"മരണത്തോളം അനുസരിച്ചതു"** (ഫിലി. 2:8) പോലെ അനുസരണത്തിൽ അറിയപ്പെടേണം.

നമ്മുടെ കർത്താവും സഭയുടെ തലയുമായ യേശു സമ്പൂർണ്ണവും അതിശ്രേഷ്ഠവുമായ അനുസരണം ആവശ്യപ്പെടുന്നു. **"അവൻ നിങ്ങളോട് എന്തു കല്പിച്ചാലും അതു ചെയ്‌വിൻ"** (യോഹ. 2:5) എന്നു യേശുവിന്റെ അമ്മയായ മറിയ പറഞ്ഞു, **"ഇവനെന്റെ പ്രിയപുത്രൻ ഇവനു ചെവികൊടുപ്പിൻ"** (ലൂക്കൊ. 9:35) എന്നു പിതാവായ ദൈവം പ്രഖ്യാപിച്ചു. **"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ കല്പനകളെ അനുസരിയ്ക്കും"** (യോഹ. 14:15) എന്നു യേശു തന്നെ പറഞ്ഞു. യേശുവിന്റെ കല്പനകളെകുറിച്ച് ഇരുപത്തിയൊന്ന് പ്രധാനതത്വങ്ങൾ സംഗ്രഹിച്ച് താഴെ കൊടുത്തിരിക്കുന്നു. ഇതുപയോഗിച്ച് നിങ്ങളെ സ്വയം പരിശോധിക്കുക. പ്രാർത്ഥനയോടെ കർത്താവിന്റെ ഈ കല്പനകളെ വായിച്ച് ദൈവസന്നിധിയിൽ നിങ്ങളുടെ ആത്മീക അവസ്ഥയെ കണ്ടുപിടിക്കുക. സത്യത്തിൽ നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുകയാണോ അതോ സ്വയം വഞ്ചിക്കപ്പെടുകയാണോ എന്നു കാണുക.

**മാനസാന്തരപ്പെടുവിൻ!**

1. മാനസാന്തരപ്പെടുവിൻ (മത്താ. 4:17; വെളി. 2:5, യോഹ. 3:3).
2. എന്റെ അടുക്കൽ വരുവിൻ (മത്താ. 11:28).
3. ആദ്യം ദൈവത്തേയും അവന്റെ നീതിയെയും അന്വേഷിക്കുവിൻ (മത്താ. 6:33).
4. നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ ക്ഷമിക്കുവിൻ (മർക്കൊ. 11:25).
6. യാചിപ്പിൻ. അന്വേഷിപ്പിൻ. മുട്ടുവിൻ..... (മത്താ. 7:7).
7. ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ (ലൂക്കൊ. 11:24)

**2. വിശ്വസിക്കുവിൻ!**

1. സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കൊ. 1:15).
2. നിങ്ങൾ ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ (യോഹ. 14:1).
3. അവൻ (ദൈവം) അയച്ചവനിൽ നിങ്ങൾ വിശ്വസിപ്പിൻ (യോഹ 6:28, 29).
4. ഞാൻ പിതാവിലും പിതാവ് എന്നിലും എന്നു വിശ്വസിപ്പിൻ (യോഹ 14:11).
5. ഞാൻ ചെയ്യുന്ന പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ (യോഹ 10:37, 38).
6. വെളിച്ചം ഉള്ളടത്തോളം നിങ്ങൾ വെളിച്ചത്തിൽ വിശ്വസിപ്പിൽ (യോഹ. 12:36).
7. ലഭിച്ചു എന്നു നിങ്ങൾ വിശ്വസിപ്പിൻ (മർക്കൊ. 11:24).

**3. പുതുതാകുവിൻ!**

1. നിങ്ങൾ വീണ്ടും ജനിക്കേണം (യോഹ. 3:7).
2. ആദ്യം അകം വെടിപ്പാക്കുക (മത്താ. 23:26).
3. വൃക്ഷത്തെ നല്ലതാക്കുക, അതിന്റെ ഫലം നല്ലാതാകും (മത്താ. 12:33).
4. എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും (യോഹ. 15:4).
5. നിങ്ങളിൽത്തന്നെ ഉപ്പുള്ളവരായിരിക്കുക (മർക്കൊ. 9:50).
6. നിത്യജീവങ്കലേക്ക് നിലനില്ക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ (യോഹ. 6 : 27).
7. നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് സന്തോഷിപ്പിൻ (ലൂക്കൊ. 10:20).

**4. പരിശുദ്ധാത്മാവിനെ പ്രാപിക്കുവിൻ!**

1. പരിശുദ്ധാത്മാവിനെ പ്രാപിക്കുക (യോഹ. 20:22).
2. മക്കൾക്കു ആദ്യം തൃപ്തി വരട്ടെ (മർക്കൊ. 7:27).
3. ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ (യോഹ 7:37–39).

4. നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ..... പിതാവ്..... മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു തരും (യോഹ. 14:15–17).
5. മടുത്തുപോകാതെ ചോദിക്കുക (യോഹ 16:24; ലൂക്കൊ. 11:5–13).
6. പരിശുദ്ധാത്മസ്നാനം ലഭിക്കുന്നതുവരെ മടങ്ങിപോകരുത് (അ.പ്ര. 1:4,5)
7. സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും നിങ്ങളും സാക്ഷികളാകും (യോഹ 15:26,27).

**5. യേശുവിനെ അനുഗമിക്കുവിൻ!**

1. എന്നെ അനുഗമിക്ക (യോഹ 12:26).
2. സ്നാനപ്പെടുക (മത്താ. 3:13–15; മത്താ. 28:19).
3. എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ (അപ്പവും വീഞ്ഞും)
(ലൂക്കൊ. 22.17–19).
4. നിങ്ങൾ തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു (യോഹ 13:14,15).
5. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ..... നാൾതോറും തന്റെ ക്രൂശ് എടുക്കട്ടെ (ലൂക്കോ. 9:23)
6. എന്നോടു പഠിപ്പിൻ (മത്താ. 11:29).
7. എന്റെ സ്നേഹത്തിൽ വസിപ്പിൻ (യോഹ 15:9)

**6. പ്രാർത്ഥിക്കുവിൻ!**

1. എപ്പോഴും പ്രാർത്ഥിക്കുവിൻ (ലൂക്കൊ. 21:36).
2. നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ
(ലൂക്കൊ. 22:40–46).
3. കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണ്ടതിനു അപേക്ഷിപ്പിൻ (ലൂക്കൊ. 10:2).
4. നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ (ലൂക്കൊ. 6:28).
5. പിതാവിനോട്..... എന്റെ നാമത്തിൽ പ്രാർത്ഥിക്കുവിൻ (മത്താ. 6:6; യോഹ. 16:24 –26).
6. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുക: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..... (മത്താ. 6:9–13).
7. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അർത്ഥശൂന്യമായ ജല്പനം അരുത് (മത്താ. 6:7,8).

**7. വിശ്വാസം പ്രായോഗികമാക്കുവിൻ!**

1. ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്കുക (മർക്കൊ. 11:22).

2. അവിശ്വാസിയാകരുത് (യോഹ. 20:27).
3. ചിന്തിച്ചു ചഞ്ചലപ്പെടരുത് (ലൂക്കാ 29).
4. ജീവിതത്തെകുറിച്ച് ആകുലനാകരുത് (മത്താ. 6:25–34).
5. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് (യോഹ. 14:1–27).
6. ധൈര്യപ്പെടുവിൻ (മത്താ. 14:27).
7. ഭയപ്പെടാതിരിക്കുക (മർക്കൊ. 5:3,8; ലൂക്കൊ. 12:41).

**8. തിരുവെഴുത്തുകളെ പരിശോധിക്കുവിൻ!**

1. തിരുവെഴുത്തുകളെ പരിശോധിക്കുവിൻ (യോഹ. 5:39).
2. ഞാൻ നിങ്ങളോട് പറഞ്ഞ വചനം ഓർക്കുവിൻ (യോഹ. 15:20).
3. നിങ്ങൾ ഈ വാക്കു ശ്രദ്ധിച്ചു കേട്ടുകൊൾവിൻ (ലൂക്കൊ. 9:44).
4. നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്നു സൂക്ഷിച്ചുകൊൾവിൻ (ലൂക്കൊ. 8:18).
5. നിങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷിച്ചുകൊൾവിൻ (മർക്കൊ. 4:24).
6. പരീശന്മാരുടെ പുളിച്ചമാവു (ഉപദേശം) സൂക്ഷിച്ചുകൊൾവിൻ (മത്താ. 16:6–12).
7. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ (മത്താ. 7:15–17).

**9. നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ!**

1. മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കാണേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16).
2. നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷിക്കുക (ലൂക്കൊ. 11:35).
3. പോയി ഫലം കായ്ക്കുക..... അധികം ഫലം കായ്ക്കുക (യോഹ. 15:16,8).
4. നിങ്ങളുടെ പിതാവു മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ (ലൂക്കൊ. 6:36).
5. കർത്താവു നിനക്കു ചെയ്ത് വലിയ കാര്യങ്ങളൊക്കെയും പറയുക (മാർക്കൊ, 5:19).
6. നിങ്ങൾ തലപൊക്കി നിലങ്ങളെ നോക്കുക (യോഹ. 4:35).
7. നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടക്കുക (യോഹ. 12:35).

**10. ദൈവത്തെ സ്നേഹിക്കുവിൻ!**

1. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും ആത്മാവോടും... മനസ്സോടും... ശക്തിയോടും സ്നേഹിക്കുക (മർക്കൊ. 12:30).

2. നിന്റെ ദൈവമായ കർത്താവിനെ മാത്രം ആരാധിക്കുക (മത്താ. 4:10).
3. ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക (യോഹ. 4:23–29).
4. ഭൂമിയിൽ ആരെയും പിതാവെന്നു വിളിക്കരുത് (മത്താ. 23:9).
5. നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് (മത്താ. 4:7).
6. നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ (ദൈവം) ഭയപ്പെടുവിൻ (ലൂക്കൊ. 12:5).
7. എല്ലാവരും പുത്രനെ ബഹുമാനിക്കേണ്ടതാകുന്നു (യോഹ. 5:22,23).

**11. ദൈവത്തോടും മനുഷ്യരോടും നല്ല മനസ്സാക്ഷിയുള്ള വനായിരിക്കുക!**

1. കൈസർക്കുള്ളത് കൈസർക്കും, ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക (മർക്കൊ. 12:7).
2. സത്യം ചെയ്യരുത് (മത്താ. 5:34–37).
3. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് (മത്താ. 19:5,6).
4. ആദ്യം നിരപ്പു പ്രാപിക്കുക (മത്താ. 5:23–25).
5. നിന്റെ നാമത്തിൽ ചിലർ ഭൂതങ്ങളെ പുറത്താക്കുന്നത് ഞങ്ങൾ കണ്ടു... അവനെ വിരോധിക്കരുത് (മർക്കൊ. 9:38–40).
6. നിങ്ങളുടെ മുമ്പിൽ വെക്കുന്നതു ഭക്ഷിപ്പിൻ (ലൂക്കൊ. 10:8).
7. ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ (യോഹ. 6:12).

**12. അയൽക്കാരെ സ്നേഹിക്കുവിൻ**

1. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (മത്താ. 19:17–19).
2. കുലചെയ്യരുത് (മത്താ. 19:18).
3. വ്യഭിചാരം ചെയ്യരുത് (മത്താ. 19:18).
4. മോഷ്ടിക്കരുത് (മത്താ. 19:18).
5. കള്ളസാക്ഷി പറയരുത് (മത്താ. 19:19).
6. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക (മത്താ. 19:19).
7. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു പോലെ തന്നെ അവർക്കും ചെയ്‌വിൻ (ലൂക്കൊ. 6:31).

**13. മോഹിക്കരുത്**

1. സകലദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ (ലൂക്കൊ. 12:15).
2. നിങ്ങളുടെ നിക്ഷേപം ഭൂമിയിൽ നിക്ഷേപിക്കാതെ, സ്വർഗ്ഗത്തിൽ നിക്ഷേപിക്കുവിൻ (മത്താ. 6:19, 20).

3. ഇതുചെയ്കയും (ന്യായം, കരുണ, വിശ്വസ്തത) അതു (ദശാംശം) ത്യജിച്ചു കളയാതിരിക്കുകയും വേണം (മത്താ. 23:23).
4. നിന്നോടു ചോദിക്കുന്നവനു കൊടുക്കുക, വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞു കളയരുത് (മത്താ. 5:42).
5. നിങ്ങൾക്കുള്ളതു ഭിക്ഷയായി കൊടുപ്പിൻ (ലൂക്കൊ. 11:41).
6. നീ ഒരു വിരുന്നൊരുക്കുമ്പോൾ സ്നേഹിതന്മാരെയും ചാർച്ചക്കാരെയും സമ്പത്തുള്ള അയല്ക്കാരെയും വിളിക്കരുത്. എന്നാൽ ദരിദ്രന്മാർ, അംഗഹീനർ തുടങ്ങിയവരെ ക്ഷണിക്കുക (ലൂക്കൊ. 14:12,13).
7. അനീതിയുള്ള മാമോനെക്കൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കി കൊൾവിൻ (ലൂക്കൊ. 16:9).

**14. കപട ഭക്തനായിരിക്കരുത്!**

1. പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തി സൂക്ഷിച്ചുകൊൾവിൻ (ലൂക്കൊ. 12:1).
2. നിലയങ്കികളോടെ നടപ്പാൻ ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചു കൊൾവിൻ (ലൂക്കൊ. 20:46,47).
3. അവരെപ്പോലെ പ്രവർത്തിക്കരുത് (മത്താ. 23:2,3).
4. എന്റെ പിതാവിന്റെ ഭവനത്തെ വാണിഭശാല ആക്കരുത് (യോഹ 2:16).
5. മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ അവരുടെ മുമ്പിൽ ചെയ്യരുത് (മത്താ. 6:1–4).
6. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്; മുറിക്കുള്ളിൽ പ്രവേശിച്ച് വാതിലടച്ച് രഹസ്യത്തിൽ പ്രാർത്ഥിക്കുക (മത്താ. 6:5,6).
7. നീ ഉപവസിക്കുമ്പോൾ നിന്റെ തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. അങ്ങനെ നീ ഉപവസിക്കുന്നു എന്നു മറ്റുള്ളവർ അറിയാതിരിക്കട്ടെ (മത്താ. 6:16–18).

**15. വിനയമുള്ളവരായിരിപ്പിൻ**

1. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റെടുക്കുക (മത്താ 11:29).
2. ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു...... അവരുടെ മേൽ അധികാരം നടത്തുന്നു. നിങ്ങളിൽ അങ്ങനെ അരുത് (മത്താ 20:25,26).
3. നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം (മർക്കോ. 10:43,44).
4. നിങ്ങളോ ഗുരു എന്നുപേർ എടുക്കരുത് (മത്താ. 23:8).

5. പ്രധാന ഇരിപ്പിടത്തിൽ ഇരിക്കരുത് (ലൂക്കൊ. 14:8–11).
6. അശുദ്ധാത്മാക്കൾ കീഴടങ്ങുന്നതിൽ സന്തോഷിക്കരുത് (ലൂക്കൊ. 10:20).
7. ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ എന്നു പറയുവിൻ (ലൂക്കൊ. 17:10).

**16. സഹോദരന്മാരെ സ്നേഹിയ്ക്കുവിൻ**

1. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിപ്പിൻ (യോഹ 15:12).
2. ഈ ചെറിയവരിൽ ഒരുത്തനെയും വെറുക്കരുത് (മത്താ. 18:10–14).
3. അന്യോന്യം സമാധാനം ഉള്ളവരും.... സഹോദരനോട് നിരന്നും കൊൾക (മർക്കൊ. 9:50; മത്താ. 5:23,24).
4. നിന്റെ സഹോദരൻ നിന്നോടു പിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക (മത്താ. 18:15–17).
5. നിന്റെ സഹോദരൻ ഒരു ദിവസം ഏഴുപ്രാവശ്യം നിന്നോടു തെറ്റുചെയ്താൽ..... ക്ഷമിക്കുക (ലൂക്കൊ. 17:3, 4; മത്താ. 18:21, 22).
6. കാഴ്ചപ്രകാരം വിധിക്കരുത്... ആദ്യം സ്വന്തകണ്ണിൽനിന്നു കോൽ എടുത്തുകളയുക (യോഹ. 7:24; മത്താ, 7:1–5).
7. വിധിക്കരുത് (ലൂക്കൊ. 6:37).

**17. പൂർണ്ണരാകുവിൻ**

1. ആകയാൽ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ (മത്താ. 5:48).
2. നിനക്കുള്ളതു വിറ്റു ദരിദ്രന്മാർക്കു കൊടുക്കുക (മത്താ. 19:21; ലൂക്കൊ. 12:32, 33).
3. ശത്രുക്കളെ സ്നേഹിപ്പിൻ (മത്താ. 5:44; 26:52).
4. നിങ്ങളെ വെറുക്കുന്നവർക്കു ഗുണം ചെയ്‌വിൻ (ലൂക്കൊ. 6:27,28).
5. ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ (ലൂക്കൊ. 6:35).
6. ദുഷ്ടനോട് എതിർക്കരുത് (മത്താ. 5:39–41).
7. നിങ്ങളുടെ ക്ഷമയാൽ നിങ്ങളുടെ പ്രാണനെ നേടും (ലൂക്കൊ. 21:19).

**18. ബുദ്ധിയുള്ളവരായിരിപ്പിൻ**

1. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളരും ആയിരിക്കുവിൻ (മത്താ. 10:16).
2. മനുഷ്യരെ സൂക്ഷിക്കുവിൻ (മത്താ. 10:17).
3. അവരെ (കുരുടന്മാരായ വഴികാട്ടികൾ) വിടുവിൻ (മത്താ 15:12–14)
4. വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്, നിങ്ങളുടെ മുത്തുകളെ പന്നികളുടെ

മുമ്പിൽ ഇടരുത് (മത്താ. 7:6).

5. പണസഞ്ചിയുള്ളവൻ അതു എടുക്കട്ടെ (ലൂക്കൊ. 22:35,36).
6. ഏതു ഗ്രാമത്തിലോ പട്ടണത്തിലോ കടക്കുമ്പോൾ അവിടെ യോഗ്യൻ ആർ എന്നു അന്വേഷിപ്പിൻ..... അവിടെ താമസിക്കുവിൻ..... വീട്ടിൽനിന്നു വീട്ടിലേക്ക് മാറിപ്പോകരുത് (മത്താ. 10:11–13; ലൂക്കൊ. 10:5–7).
7. ആരെങ്കിലും നിങ്ങളെ കൈകൊള്ളാതിരുന്നാൽ ആ പട്ടണം വിട്ടു അവരുടെ നേരെ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിൽ നിന്നു പൊടി തട്ടിക്കളയുവിൻ (ലൂക്കൊ 9:5; 10:10,11)

**19. വിശ്വസ്തനായിരിക്ക!**

1. മരണപര്യന്തം വിശ്വസ്തനായിരിക്ക (വെളി. 2:10).
2. നിനക്കുള്ളതു മുറുകെ പിടിച്ചുകൊൾക (വെളി. 3:11).
3. നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും ചെയ്യുമ്പോൾ നിങ്ങൾ സന്തോഷിച്ചു തുള്ളുവിൻ (മത്താ. 5:11,12; ലൂക്കൊ. 6:23).
4. ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ (മത്താ. 10:23).
5. നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനെയോ എന്തോ പറയേണ്ടു എന്ന വിചാരപ്പെടേണ്ടാ നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ. (മത്താ. 10:19).
6. നിങ്ങൾ തമ്മിൽ പിറുപിറുക്കരുത് (യോഹ 6:41–43).
7. നിവർന്നു തലപൊക്കുവിൻ (ലൂക്കൊ. 21:28).

**20. സുവിശേഷം പ്രസംഗിക്കുവിൻ!**

1. സകല സൃഷ്ടിയോടും (All Nations) സുവിശേഷം അറിയിക്കുവിൻ (മർക്കൊ. 16:15; മത്താ, 10:7).
2. ക്രിസ്തുവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും സകല സൃഷ്ടിയോടും പ്രസംഗിക്കേണം (ലൂക്കൊ. 24:46,47).
3. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ച്..... ശിഷ്യരാക്കുവിൻ (മത്താ. 28:19).
4. ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിക്കണം (മത്താ. 28:20).

5. ഞാൻ നിങ്ങളോട് പറഞ്ഞതു പറയുവിൻ (മത്താ. 10:27, മർക്കോ. 4:22).
6. എന്റെ ആടുകളെ മേയ്ക്ക (യോഹ 21:15–17).
7. രോഗികളെ സൌഖ്യമാക്കുക (മത്താ. 10:8).

**21. അവന്റെ വരവിനായി കാത്തിരിക്കുവിൻ**

1. നിനക്കുള്ളതു ഞാൻ വരുംവരെ പിടിച്ചു കൊൾക (വെളി. 2:25; 3:2,3)
2. അതുകൊണ്ട് മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ (ലൂക്കൊ. 12:40).
3. നിങ്ങളുടെ അരകെട്ടിയും വിളക്കുകത്തിയും കൊണ്ടിരിക്കട്ടെ, യജമാനൻ എപ്പോൾ മടങ്ങി വരും എന്നു കാത്തു നില്ക്കുന്ന ആളുകളോടു നിങ്ങൾ തുല്ല്യരായിരിപ്പിൻ (ലൂക്കൊ. 12:35,36).
4. നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ടു ആ ദിവസം പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (ലൂക്കൊ. 21:34).
5. ലോത്തിന്റെ ഭാര്യയെ ഓർത്തു കൊൾക (ലൂക്കൊ. 17:31, 32).
6. ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (ലൂക്കൊ. 21:8, മർക്കൊ, 13:5,6).
7. ഉണർന്നിരിപ്പിൻ (മർക്കൊ, 13:34–37).

**അവസാനവാക്ക്**

“എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ,... എന്നു പലരും ആ നാളിൽ എന്നോടു പറയും... ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും” (മത്താ 7:21–23).

(ഹെറാൾഡ് ഓഫ് ഹിസ് കമിംഗിൽ നിന്നും)

**കുറിപ്പ് :** ഇതിൽ എഴുതിയിരിക്കുന്ന വചനങ്ങൾ ബൈബിളിൽ എടുത്ത് മുഴുവൻ വായിച്ചാൽ മാത്രമേ മുഴു അർത്ഥവും മനസ്സിലാകൂ. മടി കാണിക്കാതെ എടുത്തു വായിക്കുവിൻ – ജാമക്കാരൻ

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**OCTOBER - 2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.